## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2757 — 14.12.2015 -ലെ മറുപടിക്ക്.

### ആർ എസ് ബി വൈ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ആർ എസ് ബി വൈ പദ്ധതിയിൻ കീഴിൽ ധനസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ആർ എസ് ബി വൈ (രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന) പദ്ധതിയുടെ കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം പ്രധാനമായും ആരോഗ്യ കാർഡ് കൈവശമുള്ള അഞ്ചു പേരടങ്ങുന്ന കുടുംബങ്ങൾക്ക്, ആർ.എസ്.ബി.വൈ പദ്ധതിയുമായി സഹകരിച്ച് വരുന്ന ആശുപത്രികളിൽ നിന്നും (ചികിത്സയ്ക്കും ചികിത്സ കഴിഞ്ഞ് ഡിസ്ചാർജ് ആകുന്ന സമയത്ത് യാത്ര ചിലവിനായി നൂറ് രൂപയും ഉൾപ്പെടെ) ഒരു കുടുംബത്തിന് പ്രതി വർഷം മുപ്പതിനായിരം രൂപയുടെ ചികിത്സാ ആനുകൂല്യം നൽകി വരുന്നു. ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം സാധുതയുള്ള ആരോഗ്യ കാർഡ് ലഭിച്ചിട്ടുള്ള കുടുംബങ്ങളിലെ കുടുംബനാഥനോ, കുടുംബനാഥയ്ക്കോ അപകട മരണം സംഭവിക്കുകയാണെങ്കിൽ അനന്തരാവകാശികൾക്ക് രണ്ടു ലക്ഷം രൂപയുടെ മരണാനന്തര ധന സഹായവും നൽകി വരുന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) ഭരണതലത്തിൽ രൂപവത്കരിച്ചിട്ടുള്ള ഉന്നതാധികാര സമിതിയുടെ നിയന്ത്രണത്തിലും കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് ഏജൻസി കേരള യുടെ മേൽനോട്ടത്തിലും ടി പദ്ധതി സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ